CHED
24/11/21... 15/11/14

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.3167(4)/2014/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.19809/എസ്.ഐ.സി–ജി 2/2014)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ലെനിൻലാൽ എം.എ, — അപ്പീൽ ഹർജിക്കാരൻ
ലെനിൻലാൽ ഹൗസ്,
കൽപനാനഗർ,
ചിറ്റാറ്റ്മുക്ക് പി.ഒ,
തിരുവനന്തപുരം.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   അസിസ്റ്റന്റ് രജിസ്ട്രാർ,
   കേരള കലാമണ്ഡലം,
   ചെറുതുരുത്തി, തൃശ്ശൂർ - 679 531. — എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
   രജിസ്ട്രാർ,
   കേരള കലാമണ്ഡലം,
   ചെറുതുരുത്തി, തൃശ്ശൂർ - 679 531.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 09.10.2014 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയിൽ നിന്നുള്ള 18 ഇന വിവരങ്ങൾ ആവശ്യപ്പെട്ടിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 21.01.2019 ൽ തൃശ്ശൂർ കളക്ടറേറ്റിലെ വീഡിയോ കോൺഫറൻസ് സംവിധാനം വഴി ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരന് മറുപടി നൽകിയതാണെന്നും, ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾക്ക് പണം അടയ്ക്കാൻ ആവശ്യപ്പെട്ടിട്ട് അത് ചെയ്തില്ലെന്നും, അതുകൊണ്ടാണ് മറുപടി നൽകാതിരുന്നതെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

3. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. അപ്പീൽ ഹർജിക്കാരന്റെ 09.10.2014 ലെ അപേക്ഷയ്ക്ക് 01.11.2014 ൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുണ്ടെങ്കിലും, ലഭിച്ച അപേക്ഷകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന ജോലി പൂർത്തിയാകാത്തതിനാൽ മറുപടി നൽകാൻ നിർവാഹമില്ല എന്നാണ് പറഞ്ഞിട്ടുള്ളത്. അതിനുശേഷം 09.11.2014 ൽ നൽകിയ ഒന്നാം അപ്പീലിന് രേഖകളുടെ കോപ്പികൾ ലഭിക്കുന്നതിന് 1,210/- രൂപ അടയ്ക്കണമെന്നാണ് പറഞ്ഞിരുന്നത്. ഇക്കാര്യം രണ്ടാം എതിർകക്ഷി കമ്മീഷന് നൽകിയ റിപ്പോർട്ടിലും പറയുന്നുണ്ട്.

4. ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടി പൂർണ്ണമായി അംഗീകരിക്കാൻ കഴിയാത്തതാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ വിവരങ്ങൾ നൽകാൻ കഴിയാതെ വന്നത് മൊത്തം 3297 അപേക്ഷകൾ ഉണ്ടായതുകൊണ്ടാണെന്നും പറയുന്നുണ്ട്. അപേക്ഷകളുടെ ബാഹുല്യം കണക്കിലെടുക്കുമ്പോൾ, ഇതുമായി ബന്ധപ്പെട്ട മറുപടി നൽകുന്നതിന് കൂടുതൽ സമയം വേണ്ടിവരും എന്ന നിലപാട് വലിയ അപരാധമായി കമ്മീഷൻ കാണുന്നില്ല. എന്നാൽ രണ്ടാം എതിർകക്ഷി 1,210/- രൂപ പകർപ്പ് ഫീസായി അടയ്ക്കണമെന്ന് നിർദ്ദേശിച്ചത് നിയമപരമല്ല. അതുകൊണ്ട് തന്നെ അംഗീകരിക്കാൻ കഴിയുന്നതുമല്ല. അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ പകർപ്പുകൾ നൽകുകയാണെങ്കിൽ മാത്രമേ വിവരാവകാശ നിയമപ്രകാരം ഫീസ് വാങ്ങാൻ കഴിയൂ. 30 ദിവസത്തിനുശേഷം ആണ് പകർപ്പുകൾ

നൽകുന്നതെങ്കിൽ, അത് എത്രയെണ്ണം ഉണ്ടെങ്കിലും സൗജന്യമായി ലഭിക്കാൻ അപേക്ഷകന് അർഹതയും അവകാശവും ഉണ്ട്. അതുകൊണ്ട്, പകർപ്പ് ഫീസ് അടയ്ക്കാതിരുന്നതുകൊണ്ടാണ് വിവരങ്ങളും രേഖകളും നൽകാതിരുന്നത് എന്ന എതിർകക്ഷികളുടെ വാദം കമ്മീഷൻ അംഗീകരിക്കുന്നില്ല.

5. ആയതുകൊണ്ട്, നിയമപരമല്ലാതെ മറുപടി നൽകുകയും, അതുമൂലം അപേക്ഷകന് വിവരങ്ങളും രേഖകളും നൽകാതിരിക്കുകയും ചെയ്തതിന് വിവരാവകാശ നിയമപ്രകാരം നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ആയത് പരാമർശിത കാലയളവിലെ ഒന്നും രണ്ടും എതിർകക്ഷികൾ ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ കമ്മീഷനെ അറിയിക്കേണ്ടതാണ്. മേൽപറഞ്ഞ കാലയളവിനുള്ളിൽ ഈ കക്ഷികളുടെ വിശദീകരണം ലഭിക്കാത്തപക്ഷം, കമ്മീഷൻ തുടർ നടപടികളുമായി മുന്നോട്ട് പോകുന്നതായിരിക്കും.

6. മേൽപറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിൽ ഇന്നേദിവസം 15.11.2021 ന് താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re